കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി സംബന്ധിച്ച ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിന്റെ 50 ശതമാനത്തോളം ഉപയോഗിക്കുന്നത് ഗാർഹിക ഉപഭോക്താക്കളാണ്. ഈ ഉപഭോക്താക്കൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിവരുന്നു. ഇത്തരം കുറഞ്ഞ വൈദ്യുതി നിരക്ക് ഒരു പരിധിവരെ കോമ്പൻസേറ്റ് ചെയ്യുന്നത്, വാണിജ്യ ഉപഭോക്താക്കളിൽ നിന്നുള്ള ക്രോസ് സബ്സിഡി മുഖേനയാണ്.

ഈ കാരണത്താൽ തന്നെ ഏതെങ്കിലും പ്രത്യേക ഉപഭോക്താക്കൾക്ക് മാത്രം സപ്ലൈ ലൈസൻസികൾ അനുവദിക്കുന്നതും ക്രോസ് സബ്സിഡിയെടുത്ത് കളയുന്നതും കെ.എസ്.ഇ.ബി.-യെ പ്രതികൂലമായി ബാധിക്കും. കൂടാതെ, കാലാകാലങ്ങളായി പൊതു ഖജനാവ് ഉപയോഗിച്ച് വിപുലപ്പെടുത്തിയിട്ടുള്ള വൈദ്യുതി വിതരണ ശൃംഖല ചില വിഭാഗം ഉപഭോക്താക്കൾക്ക് മാത്രമായി ലൈസൻസ് അനുവദിക്കുന്നതിനുള്ള അനൗചിത്യവും വിലയിരുത്തിയിട്ടുണ്ട്.

ഈ കാരണത്താൽ വിശദമായ പഠനങ്ങൾക്കുശേഷവും സംസ്ഥാനത്തെ കുറഞ്ഞ നിരക്കിൽ വൈദ്യുതിലഭിക്കുന്ന ഉപഭോക്താക്കളെ ബാധിക്കാത്ത തരത്തിലും സംസ്ഥാനത്തിന്റെ പ്രത്യേക സാമൂഹിക-സാമ്പത്തിക സ്ഥിതി പരിഗണിച്ചും മാത്രമേ സംസ്ഥാനത്ത് ഈ കരട് നിർദ്ദേശങ്ങൾ അനുവദിക്കാവുകയുള്ളൂ എന്ന് കെ.എസ്.ഇ.ബി. കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

വൈദ്യുതി, ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയമായതുകൊണ്ടുതന്നെ സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക സ്ഥിതി പരിഗണിച്ച് മാത്രമേ ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുകയുള്ളൂ.

വൻകിട സൗരോർജ്ജ പദ്ധതികൾ

26 (371) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ .ബി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. രൂപീകരിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശത്ത് 50 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റ്.

2. കെ.എസ്.ഇ.ബി.എൽ. വഴി കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക്.

(ബി)

1. വെസ്റ്റ് കല്ലട പദ്ധതി : കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിലുള്ള 300 ഏക്കർ ഭൂമിയിലാണ് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നത്. പദ്ധതി പ്രദേശത്തെ സർക്കാർ ഭൂമി പദ്ധതിക്കായി വിനിയോഗിക്കുവാൻ 9-12-2014-ലെ സ.ഉ.(എംഎസ്.) 43/14/ഊ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ഭൂവുടമകളും വെസ്റ്റ് കല്ലട പഞ്ചായത്തും ചേർന്ന് കമ്പനി രൂപീകരിക്കുകയും പദ്ധതിക്കുവേണ്ട സ്ഥലം കെ.എസ്.ഇ.ബി. വഴി പാട്ടം ആയിട്ട് പദ്ധതി നടപ്പിലാക്കുന്ന കേന്ദ്ര ഏജൻസിയായ എൻ.എച്ച്.പി.സി.-ക്ക് നൽകും. എൻ.എച്ച്.പി.സി. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. വാങ്ങുന്നതാണ്.

2. സോളാർ പാർക്ക് : കേന്ദ്ര നവ നവകരണീയ ഊർജ്ജ മന്ത്രാലയം (MNRE) വിവിധ സംസ്ഥാനങ്ങളിൽ 25 സൗരോർജ്ജ പാർക്കുകൾ സ്ഥാപിക്കുന്നതിനായി സോളാർ പാർക്ക് സ്കീം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷനുമായി (സെക്കി) യോജിച്ചാണ് കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നത്. അതിനായി ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്മെന്റ് ഏജൻസിയായ (ഇറിഡ), ടി.എച്ച്.ഡി.സി. ലിമിറ്റഡ്, സെക്കി എന്നീ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതിക്കായി ആവശ്യമുള്ള സ്ഥലം കണ്ടെത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ ഭൂസർവ്വേ നടക്കുകയാണ്. ഉദ്ദേശം 1000 ഏക്കർ ഭൂമി സർവ്വെ നടത്തിക്കഴിഞ്ഞു. പദ്ധതിയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന നിരക്കിൽ ബോർഡ് വാങ്ങുവാൻ ഉദ്ദേശിക്കുന്നു.

(സി)

1. വെസ്റ്റ് കല്ലട പദ്ധതി : പദ്ധതി നിക്ഷേപം എൻ.എച്ച്.പി.സി.യാണ് ചെയ്യുന്നത്. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കെ.എസ്.ഇ.ആർ.സി. നിശ്ചയിക്കുന്ന താരിഫ് നൽകിയാൽ മതി.

2. സോളാർ പാർക്ക് : പദ്ധതിക്കാവശ്യമായ മൂലധനം മുടക്കി വൈദ്യുതി ഉൽപ്പാദിപ്പിക്കേണ്ടത് മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. എന്നാൽ പദ്ധതിക്കായി 40 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും സഹായധന മായി ലഭിക്കുന്നതാണ്. ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി നിശ്ചിത നിരക്കിൽ വാങ്ങുക എന്നതാണ് കെ.എസ്.ഇ.ബി. -യുടെ ഉത്തരവാദിത്തം.

(ഡി)

1. വെസ്റ്റ് കല്ലട പദ്ധതി : മേൽപ്പറഞ്ഞവ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ചേർത്ത ധാരണാപത്രം എൻ.എച്ച്.പി.സി.യും കെ.എസ്.ഇ.ബി.-യും ചേർന്ന് 7-5-2014-ൽ ഒപ്പുവച്ചിട്ടുണ്ട്.

2. സോളാർ പാർക്ക് : കെ.എസ്.ഇ.ബി.എൽ., കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇറിഡയും ടി.എച്ച്.ഡി.സി.ഐ.എൽ.-യുമായി 50 മെഗാവാട്ട് വീതമുള്ള പദ്ധതികൾ സോളാർ പാർക്കിനുള്ളിൽ നടപ്പിലാക്കുവാനായി പ്രാരംഭകരാർ ഒപ്പിട്ടിട്ടുണ്ട്. ബാക്കിയുള്ള 100 മെഗാവാട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് പ്രകാരമുള്ള പദ്ധതി അനുമതി നൽകുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ പരിഗണനയിലാണ്.

ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ്

27 (372) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി അണക്കെട്ടിലെ ഇപ്പോഴത്തെ ജലനിരപ്പ് എത്ര ; ഇതിന് മുൻവർഷത്തിൽനിന്നുള്ള വ്യത്യാസം എത്ര ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly